# മോശ (നോവൽ)

## അദ്ധ്യായം–1

**ജോൺ ഇളമത**

വളരുംതോറും എന്നിൽ അദ്ഭുതങ്ങൾ നിറഞ്ഞു; ഒപ്പം അഹങ്കാരവും. പന്ത്രണ്ടുവയസ്സുള്ള ഒരു ബാലന്റെ മനസ്സിനതീതമായി ഒരു കൂറ്റൻ പിരമിഡുപോലെയായിരുന്നു എന്റെ മനസ്സ്.

കൊട്ടാരത്തിൽ നിന്ന് പുറത്തേക്ക് നോക്കുമ്പോൾ എന്തു മനോഹരം!

കൂറ്റൻ കരിങ്കൽ തുണുകളാണ് പൂമുഖത്തെ ഉയർത്തിനിർത്തിയിരിക്കുന്നത്. വളരെ മിനുസ്സുമുള്ള മാർബിൾക്കല്ലുകൾ ചെത്തി കൂട്ടിച്ചേർത്തുവെച്ചവ. അതിൽ കൊത്തിവെച്ച രൂപങ്ങൾ, ഫറവോമാരുടെയും അവരുടെ ദൈവമായ ഇരുട്ടിന്റെ ദേവന്റെയും രൂപങ്ങൾ, കൂടാതെ കാട്ടുമൃഗങ്ങളുടെ ക്രൂരമുഖങ്ങൾ; സിംഹവും പുലിയും കടുവായുമൊക്കെ. ഇടയ്ക്കിടെ വിചിത്ര സർപ്പങ്ങൾ; മൂന്നു തലയും എട്ടുതലയുമൊക്കെയുള്ളവ.



ഫറവോമാരുടെ ചിഹ്നംതന്നെ പത്തി വിടർത്തി നിൽക്കുന്ന സർപ്പമാണല്ലോ; പത്തിയിൽ സ്വർണ്ണവരകളുള്ള സർപ്പങ്ങൾ!

പുറത്തേക്കു നോക്കുമ്പോൾ നിരനിരയായി ചമ്രം പടഞ്ഞുകിടക്കുന്ന കൂറ്റൻ സിംഹപ്രതിമകൾ. അവ രാജപാതയ്ക്കിരുപുറവുമായി നീണ്ടുകിടക്കുന്നു, കണ്ണെത്താത്ത ദൂരത്തിൽ, കാവൽക്കാരെപോലെ.

അതിനപ്പുറം ദൂരെ ദൂരെ കൂറ്റൻ പിരമിഡുകൾ! മരിച്ച ഫറവോമാരുടെ ശവകുടീരങ്ങൾ!

അവയെപ്പറ്റി കേട്ടിട്ടുണ്ട്. ഫറവോമാർ മരണമില്ലാത്തവരാണ്. അവരുടെ ശവശരീരങ്ങൾ ഒരിക്കലും കേടുവരാ

ത്തവിധം സുഗന്ധതൈലങ്ങളിൽ അഭിഷേകം ചെയ്ത് കാത്തുസൂക്ഷിച്ചിരിക്കുന്നു. സ്വർണ്ണവും വെള്ളിയും രത്നക്കല്ലുകളുംകൊണ്ടു പൊതിഞ്ഞലങ്കരിച്ചാണ് അവരെ പേടകങ്ങളിൽ കിടത്തിയിരിക്കുന്നത്. പിതാമഹന്മാരും പൂർവ്വമഹന്മാരും അവരുടെ നിരവധി രാജ്ഞിമാരും!

''മോശേ......മോശേ!.......നീ എവിടെയാണ്?''

അമ്മയാണ് നീട്ടിവിളിക്കുന്നത്. അമ്മയ്ക്ക് ഒരു നിമിഷംപോലും എന്നെ കാണാതിരിക്കാൻ വയ്യ.

''ഞാനിവിടെയുണ്ടമ്മേ!''
അമ്മ എന്റെ ചാരത്തുവന്ന് എന്നെ കെട്ടിപ്പുണർന്നു.

''അമ്മേ, ഞാൻ നമ്മുടെ കൊട്ടാരവും പരിസരവും നോക്കികാണുകയായിരുന്നു.''

അങ്ങുദൂരെയുള്ള പിരമിഡുകളെ ചൂണ്ടി ഞാൻ ചോദിച്ചു:

''എങ്ങനെയാണമ്മേ, ഇത്രവലിയ കരിങ്കല്ലുകൾ കൂട്ടിക്കൂട്ടി ആകാശം മുട്ടെ പിരമിഡുകൾ പണിതിരിക്കുന്നത്?

'ഈജിപ്റ്റിലെ ഫറവോമാർ ചിരംജീവികളാണ്. മരണമില്ലാത്തവരുടെ കൊട്ടാരത്തിൽ അവർ മൂകരായി കഴിയുന്നു. അവിടെ മുത്തച്ഛന്മാരുടെ മുത്തച്ഛൻമാർവരെ ഈജിപ്തിനെനോക്കി ശാന്തരായി നിദ്രകൊള്ളുന്നു!...''

അമ്മ ഒന്നു നിർത്തി:

''ഇതൊക്കെ പണിതുയർത്തിയ കഥ ബാലനായ നിനക്ക് ഇപ്പോൾ മനസ്സിലാവുകയില്ല.''

എനിക്കറിയണമമ്മേ, ഞാനത്ര ബാലനൊന്നുമല്ല.''

എങ്കിൽ അല്പം പറഞ്ഞുതരാം. വളരുംതോറും നീ കൂടുതൽ മനസ്സിലാക്കും. ഈജിപ്റ്റും ഫറവോന്റെ സിംഹാസനവും ഭാവിയിൽ നിന്റെ കാലടികളിൽ ഒതുങ്ങി നിൽക്കുന്നു. എബ്രായക്കാരായ അടിമകളുടെ രക്തംകൊണ്ടാണ് അവയൊക്കെ പണിതിരിക്കുന്നത്''.

''രക്തം കൊണ്ടോ?''
''അതേ!''

എബ്രായക്കാരെപ്പറ്റി കേട്ടിട്ടുണ്ട്, ദേശാടനം ചെചയ്തുവന്ന അടിമകൾ. പാലും തേനും ഒഴുകുന്ന ദേശം തേടി വന്നവർ.

എന്തിനാണ് അവരെ കൊന്ന് രക്തം എടുക്കുന്നത്?

''നല്ല ചോദ്യം! അടിമകളില്ലാതെ ഈ ലോകം നിലനിൽക്കുമോ?''

ഈജിപ്റ്റിലെ പുഴിമണ്ണ് കുഴിച്ച് അഗാധമായ വലിയ കിണറുകളുണ്ടാക്കി വലിയ കരിങ്കല്ലുകൾ പാകിയതാണ് പിരമിഡുകളുടെ അടിത്തറ. പിന്നീട് അവയിൽ നിന്നുയരുന്ന കൊട്ടാരങ്ങളാണ് പിരമിഡുകൾ! രക്തം ചൊരിയാതെ ഈ കല്ലുകളൊക്കൊ മുകളിൽ കയറുമോ?

അടിമകളെ ചാട്ടവാറുകൊണ്ടടിച്ച് അവരുടെ രക്തവും വിയർപ്പും വീണ ചെളി കുഴച്ചാണ് ഈ കല്ലുകളൊക്കെയും കൂട്ടിപിടിപ്പിച്ചിരിക്കുന്നത്.

ഞാൻ ദീർഘമായി നിശ്വസിച്ചു.

മനസ്സിൽ തോന്നി:

''എന്തൊരു ക്രൂരത!''

അടിമകൾക്ക് ദുഃഖമില്ലായിരിക്കാം, അവർ അടിമകളായി പിറന്നതുകൊണ്ട്.

അമ്മ എന്റെ നെറുകയിൽ ചുംബിച്ചു.

അമ്മ വീണ്ടും പറഞ്ഞു തുടങ്ങി:

''പിരമിഡുകൾ പണിതിരിക്കുന്ന വലിയ കൂറ്റൻ കല്ലുകൾ ലബനോനിൽനിന്നും സിറിയയിൽനിന്നുമൊക്കെ കൊണ്ടുവന്നിട്ടുള്ളതാണ്. അടിമകളുടെ തോളിൽ നുകം വച്ചുകെട്ടി ചാട്ടവാറുകൊണ്ടടിച്ച് വലിപ്പിച്ചാണ് ധാരാളം കല്ലുകൾ കൊണ്ടുവന്നത്. ഒടുവിൽ തളർന്നുവീണ് മരിക്കാൻ തുടങ്ങുന്ന അടിമകളെ ഒട്ടകങ്ങളുടെ മുതുകിലേറ്റി പിരമിഡുകളുടെ കിണറുകളിൽ അവരുടെ രക്തം ബലി അർപ്പിച്ചിട്ടുണ്ട്, അന്ധകാരത്തിന്റെ ദേവനെ പ്രീതിപ്പെടുത്തി അസ്തിവാരമുറപ്പിക്കാൻ.''

''ഇതെല്ലാം ക്രൂരത അല്ലേ, അമ്മേ?''

''ഈഷിപ്റ്റിനെ ഭരിക്കാൻ പോകുന്ന നിനക്ക് ഇങ്ങനെ തോന്നിക്കൂടാ. ഫറവോമാരുടെ മനസ്സ് കരിങ്കല്ലിനേക്കാൾ കടുപ്പമുള്ളതായിരിക്കണം.''

മനഃസാക്ഷി മരവിച്ചുപോയ അമ്മ വീണ്ടും പറഞ്ഞു:

''വളരെ ഉയരത്തിൽ പിരമിഡുകൾ കെട്ടിപ്പൊക്കുമ്പോൾ അടിമകളുടെ മനസ്സിൽ ഭീതി ഉയരും. അവർ തളർന്നുപോകും.''

''എങ്ങനെ?''

'അവരുടെ ഭാര്യമാരെയും മക്കളെയുംപറ്റി ഓർക്കുമ്പോൾ.''
''വളരെ ഉയരത്തിൽ നിന്ന് താഴേക്കുപതിച്ചു മരിച്ചാൽ അവർക്കാരുണ്ടെന്നു ഭയത്താൽ. അല്ലെങ്കിൽ തന്നെ കുടുംബവും പ്രാരാബ്ധവും ഒന്നുമില്ലാത്ത ഒരടിമക്കു മാത്രമേ മനസ്സുതന്നെ കഠിനാദ്ധ്വാനം ചെയ്യാനാവൂ.''

''അപ്പോൾ എന്തുചെയ്തു?''

‘‘അവരുടെ ഭാര്യമാരെയും മക്കളെയുംകൊന്ന് നൈൽനദിയിലൊഴുക്കി.’’

‘‘കഷ്ടം!’’

‘‘നിന്റെ മനസ്സ് തളർന്നുപോകാനല്ല ഞാൻ പറഞ്ഞത്. മറിച്ച് ഒരു ഫറവോയുടെ ഹൃദയകാഠിന്യം നിനക്കുണ്ടാകാൻവേണ്ടി.’’

ഞാൻ ഓർത്തു: ഇത്തരം ക്രൂരകൃത്യങ്ങൾ ഞാനെങ്ങനെ ചെയ്യും? ഒരുപക്ഷേ നൈൽ നദി നീലയായത് അടിമകളുടെ രക്തംവീണായിരിക്കാം.

നൈൽനദിയെ ദൂരെനിന്ന് ഞാൻ ഉറ്റുനോക്കാറുണ്ട്. ചിലപ്പോൾ എനിക്കു തോന്നും അവൾ നീലരത്നങ്ങൾ പതിച്ച കിരീടമണിഞ്ഞ ഈജിപ്റ്റിന്റെ രാജ്ഞി യാണെന്ന്, പക്ഷേ എന്നോട് അമ്മ അതു പറഞ്ഞതിൽ പിന്നീട് എനിക്കവളോട് വെറുപ്പുതോന്നി.

അടിമകളുടെ രക്തംകുടിച്ചു വീർത്ത നീലയക്ഷിയാണവൾ.

ഫറവോമാരുടെ ക്രൂരതകളെ ഏറ്റുവാങ്ങുന്ന ഒരു ദാസിയെപ്പോലെയേ പിന്നീടവ ളെ എനിക്കു കാണാൻ കഴിഞ്ഞുള്ളൂ.

നീല നദിലെ വെട്ടി ഒഴുക്കി ചെറിയ തടാകമാക്കിയാണ് ഫറവോമാരും അവരുടെ രാജ്ഞിമാരും നീരാടുന്നത്. അത്തറും പനിനീരും അലിഞ്ഞ വെണ്ണക്കല്ലുകൾ പാകിയ കൃത്രിമ തടാകം. അത് കൊട്ടാരത്തിന്റെ പൂമുഖത്തിനു മുമ്പിൽ തന്നെ യാണ്. അവർ ഒട്ടുമുക്കാലുഫം നഗ്നരായിട്ടാണ് നീരവാടുന്നത്. ഫറവോമാർക്കും അവരുടെ രാജ്ഞിമാർക്കും നാണവുമില്ല. അല്ലെങ്കിൽതന്നെ എങ്ങനെ ഉണ്ടാകാ നാണ്? കടുത്ത ലഹരിയുള്ള വീഞ്ഞുകുടിച്ച് അവർ സദാ മത്തരായിരിക്കും.

ഇതൊക്കെ കാണുമ്പോൾ എനിക്ക് ഫറവോമാരെപ്പറ്റി മതിപ്പ് കുറയാറുണ്ട്.

പെട്ടെന്ന് അമ്മയുടെ വാക്കുകൾ, എന്റെ ചിന്തയെ മുറിച്ചു.

‘‘മകനെ, ഫറവോ സേത്തിക്കുശേഷം ഈജിപ്റ്റു നിന്റേതാണ്, സുന്ദരിയായ രാജ കുമാരി നെഫർടാറിയും. എന്റെ മനസ്സ് ആനന്ദംകൊണ്ട് നിറയുകയാണ്! ഫറവോ ന്റെ സിംഹാസനത്തിൽ നീ കിരീടമണിഞ്ഞ് ചെങ്കോൽ പിടിച്ചിരിക്കുന്നതു കാ ണാൻ.

‘‘നീ പഠിച്ചു മിടുക്കനാകണം. ജ്ഞാനികളുടെ ജ്ഞാനി ആകണം. രാജാക്കന്മാരു ടെ രാജാവാകണം. ഭൂമിയിൽ സകല ദിക്കിലും നിന്റെ നാമം അറിയപ്പെടണം. ഇരുട്ടിന്റെ ദേവൻ സുക്കാർ നിന്നിൽ കനിയും’’

അമ്മ കൈയടിച്ചു:

രണ്ടു ദാസിമാർ ഓടിയെത്തി. സുന്ദരിമാരായ ദാസിമാർ. അവരുടെ കടാക്ഷങ്ങൾ ഇക്കിളി പകരുന്നതാണ്. അവരുടെ മന്ദസ്മിതം നൈൽനദീതീരത്തു വിടരുന്ന ലില്ലിപ്പൂക്കൾ പോലെയാണ്.

അമ്മ എന്നെ അവരുടെ കൈകളിൽ ഏൽപിച്ചു കല്പിച്ചു:

‘‘മോശയെ കുളിപ്പിച്ചൊരുക്കി കളരിയിൽ പോകാൻ തയ്യാറാക്കൂ.’’

ദാസിമാർ എന്നെ കരവലയത്തിൽ ഒതുക്കി.

(തുടരും..........)